LIBRARY ARCHIVES Kerala Legislative Assembly

വനങ്ങളിൽ സംസ്ഥാന അതിർത്തി നിർണ്ണയം

198 (4533) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനവുമായി അതിരു പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി മേഖലകളിലെ വനങ്ങളിൽ സംസ്ഥാനാതിർത്തി കൃത്യമായി വേർതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇരു സംസ്ഥാനങ്ങളുടെയും ഭാഗത്തു നിന്ന് ഇത്തരത്തിൽ വനാതിർത്തികളിലെ അതിരു കല്ലുകൾ മാറ്റി സ്ഥാപിച്ചതുവഴി ആയിരക്കണക്കിന് ഏക്കർ സ്ഥലം നഷ്ടമായതായി വന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യപ്പെടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനാതിർത്തിയിലെ വനമേഖലകളിൽ കൃത്യമായി അതിർത്തി സ്ഥാപിക്കുന്നതിനും പ്രസ്തുത കയ്യേറ്റ ശ്രമങ്ങളെ തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാനവുമായി അതിരു പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി മേഖലകളിൽ എല്ലാ സ്ഥലത്തും പില്ലർ, ഫയർലൈൻ എന്നിവ സ്ഥാപിച്ച് വേർതിരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മണ്ടക്കോൽ റിസർവ്വിൽ ഉദ്ദേശം 5 കിലോമീറ്റർ ദൂരം മാത്രം അതിർത്തി നിർണയം നടന്നിട്ടില്ല. ടി സ്ഥലത്തെ അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി ബ്രിട്ടീഷ് ഭരണ കാലത്തെ സർവ്വേരേഖകൾ ലഭ്യമാക്കുവാൻ കർണ്ണാടക വനം വകുപ്പ് ഓഫീസുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കേരള കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ വനഭൂമി കയ്യേറ്റം നടക്കുന്നുവെന്ന പത്രറിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ, 13-4-2015-ലെ സ.ഉ. (സാധാ) നമ്പർ. 164/2015/വനം പ്രകാരം സംയുക്ത പരിശോധന ടീമിനെ രൂപീകരിച്ചുകൊണ്ട് ഉത്തരവിറക്കി. പരിശോധനയിൽ കേരള വനം വകുപ്പിന്റെ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. റവന്യൂ ഭൂമിയിൽ കയ്യേറ്റം നടന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കർണ്ണാടക വനം വകുപ്പ് ബ്രഹ്മഗിരി വന്യജീവി സങ്കേതം അധികൃതർ കേരള കർണ്ണാടക അതിർത്തിയിൽ കൂട്ടുപുഴപ്പാലം

മുതൽ കച്ചേരിക്കടവ് മുടിക്കയം ഭാഗം വരെ 58 കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങനെ സ്ഥാപിച്ച 58 പില്ലറുകളിൽ 30 പില്ലറുകൾ പരിശോധിച്ചതിൽ 10 ഓളം പില്ലറുകൾ അന്തർ സംസ്ഥാന അതിർത്തിയിൽ നിന്നും കേരള സംസ്ഥാനത്തിന്റെ റവന്യൂ കൈവശ സ്ഥലത്തേക്ക് 2 മുതൽ 7 മീറ്റർ അകത്തായും, കൂട്ടുപുഴ മാങ്കുട്ടം റോഡിന്റെ വലതു വശത്തായി റോഡിനും പുഴയ്ക്കും ഇടയിലുള്ള സ്ഥലങ്ങളിൽ കൂടുതലായും, കർണ്ണാടക സംസ്ഥാന അതിർത്തി കഴിഞ്ഞ് കേരളത്തിന്റെ റവന്യൂ പുറമ്പോക്ക് സ്ഥലങ്ങളിൽ പ്രധാനമായും പില്ലറുകൾ കയറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും, കർണ്ണാടക വനം വകുപ്പ് അധികൃതർ അന്തർ സംസ്ഥാന അതീർത്തിയിൽ കോൺക്രീറ്റ് പില്ലറുകൾ സ്ഥാനം മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും, ഇതുവരെ പൂർണ്ണമായി സർവ്വേ നടപടികൾ നടത്തിയിട്ടില്ലെന്നും, ആങ്കിൾ മെഷർമെന്റ് കൃത്യമാണോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയാൽ മാത്രമേ യഥാർത്ഥത്തിൽ എത്രമാത്രം ഭൂമി കയ്യേറിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടാൻ സാധിക്കുകയുള്ളുവെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) അന്തർ സംസ്ഥാന വനാതിർത്തിയിൽ എല്ലാ സ്ഥലത്തും പില്ലർ, ഫയർലൈൻ എന്നിവ സ്ഥാപിച്ച് വേർതിരിച്ചിട്ടുണ്ട്. ഇവ ഇല്ലാത്തിടത്ത് സർവ്വേ ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കയ്യേറ്റങ്ങൾ കണ്ടുപിടിക്കാൻ ജാഗ്രത പുലർത്താൻ സ്റ്റാഫിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

199 (4534) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്കിൽപ്പെട്ട കോടശ്ശേരി വില്ലേജിലെ നായരങ്ങാടി-കട്ടിഷാപ്പ് ദേശത്ത് പതിറ്റാണ്ടുകളായി വനം പുറമ്പോക്ക് സ്ഥലത്ത് താമസിച്ചുവരുന്ന 116 ഓളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ; അറിയിക്കുമോ ;

(ബി) ഇവർക്ക് പട്ടയം ലഭിക്കുന്നതിനായി വകുപ്പിന്റെ അനുമതി നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച അപേക്ഷകൾ ഒന്നുംതന്നെ വനം വകുപ്പിൽ ലഭിച്ചിട്ടില്ല. പട്ടയം നൽകുന്നത് സംബന്ധിച്ച അപേക്ഷ സ്വീകരിക്കുന്നതും പട്ടയം നൽകുന്നതും റവന്യൂ വകുപ്പാണ്.

(ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly